**എസ്.എ.ടി ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

161 (3351) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്. എ. ടി. ആശുപത്രിയിൽ പ്രതിദിനം ശരാശരി എത്ര പ്രസവം നടക്കാറുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഒരു സമയം എത്ര ഗർഭിണികളെ കിടത്താനുള്ള സൗകര്യം ഇവിടെ ഉണ്ട് എന്ന് അറിയിക്കുമോ ;

(സി) എത്ര ഗർഭിണികളെ ഒരു സമയം ഇവിടെ അഡ്മിറ്റ് ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടത്തുമോ ;

(ഡി) ആശുപത്രിയിലെ സൗകര്യങ്ങളും രോഗികളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പുതിയ കെട്ടിടമുണ്ടാക്കി കൂടുതൽ സൗകര്യങ്ങളുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 45

(ബി) 20 ഗർഭിണികളെ വീതം കിടത്താനുള്ള സൗകര്യം ഫസ്റ്റ് സ്റ്റേജിലും സെക്കന്റ് സ്റ്റേജിലും ഉണ്ട്. 125 കിടക്കകൾ ഗർഭിണികൾക്ക് മാത്രമായുണ്ട്.

(സി) 300 ഗർഭിണികളെ ഒരു സമയം അഡ്മിറ്റ് ചെയ്യാറുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇതിലേക്കായി മൂന്ന് പുതിയ വാർഡുകൾ കൂടി വേണ്ടി വരും. ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി**

162 (3352) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂർക്കഞ്ചേരി, പാറളം, വല്ലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) കെട്ടിടം പണി പൂർത്തിയായിട്ടും രോഗികളെ കിടത്തി ചികിത്സിക്കാൻ പാറളം പി. എച്ച്. സി ക്ക് കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പാറളം പി. എച്ച്. സി.യിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൂർക്കഞ്ചേരി, പാറളം, വല്ലച്ചിറ ആശുപത്രികളിൽ ദിവസേന വരുന്ന രോഗികൾ എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൂർക്കഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 11 തസ്തികകളിലായി 15 ജീവനക്കാരും, വല്ലച്ചിറ പി.എച്ച്.സിയിൽ 12 തസ്തികകളിലായി 16 ജീവനക്കാരും പാറളം പി.എച്ച്.സിയിൽ 11 തസ്തികകളിലായി 13 ജീവനക്കാരും ഉണ്ട്. ഒരു ഡോക്ടറും, ഒരു സ്റ്റാഫ് നേഴ്സും അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ നിലവാരമനുസരിച്ച് അനുവദനീയമായ തസ്തികകൾ അനുവദിക്കുന്നതൊഴിച്ചാൽ ബാക്കി പ്രവർത്തനങ്ങൾ ഇപ്പോൾ തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ആയതിനാൽ സ്ഥാപനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട പഞ്ചായത്താണ്.

(ബി & സി) പാറളം ഒരു മിനി പി.എച്ച് സി.-യാണ് ഒരു മിനി പി.എച്ച്.സി.-ക്ക് ആവശ്യമായ എല്ലാ ചികിത്സാ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. 27-3-1996-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്റ്റാഫ് നഴ്സ്, ഒരു നേഴ്സിംഗ് അസിസ്റ്റന്റ് ഒരു ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് 30 കിടക്കകൾ വരെയുള്ള ആശുപത്രികളിൽ ഒരു ഡോക്ടറുടെ തസ്തിക മാത്രമേ സൃഷ്ടിക്കാൻ നിർവാഹമുള്ളു. ടി മാനദണ്ഡം അനുസരിച്ച് പ്രസ്തുത മിനി പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കുവാൻ നിർവാഹമില്ല.

(ഡി) പാറളം പി.എച്ച്.സി.-യിൽ ദിവസവും ശരാശരി 100 രോഗികൾ വീതവും കൂർക്കഞ്ചേരി പി.എച്ച്.സി.-യിൽ 100 രോഗികൾ വീതവും വല്ലച്ചിറ പി.എച്ച്.സി.-യിൽ 40 രോഗികൾ വീതവും വരുന്നുണ്ട്.

## തൃശൂർ മെഡിക്കൽ കോളേജിലെ എച്ച്. ഡി. സി. ജീവനക്കാരുടെ ദിവസ വേതനം പരിഷ്ക്കരിക്കാൻ നടപടി

**163 (3353)** ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ മെഡിക്കൽ കോളേജ് എച്ച്.ഡി.സി.-യുടെ കീഴിൽ എത്ര ജീവനക്കാർ ഉണ്ട് ; ഇവർ ഏതൊക്കെ വകുപ്പുകളിലാണ് ജോലി ചെയ്യുന്നത് ;

(ബി) പ്രസ്തുത ജീവനക്കാരെ എന്നു മുതലാണ് നിയമിച്ചിട്ടുള്ളത് ;

(സി) ഇവർക്ക് നൽകുന്ന വേതനം എത്രയാണ് ;

(ഡി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും എച്ച്.ഡി.സി. ജീവനക്കാരുടെ ദിവസ വേതനം പരിഷ്ക്കരിച്ചിട്ടുണ്ടോ, എങ്കിൽ എത്രയാണ് എന്നറിയിക്കാമോ ;

(ഇ) തൃശൂർ മെഡിക്കൽ കോളേജിലെ എച്ച്.ഡി.സി ജീവനക്കാരുടെ ദിവസ വേതനം പരിഷ്ക്കരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly